# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 94 — 13/06/2013- ൽ മറുപടിക്ക്

**പുതിയ താലൂക്കുകളുടെ രൂപീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പുതിയ താലൂക്കുകളുടെ രൂപീകരണ നടപടികൾ ഏത് ഘട്ടത്തിലാണ്; ഇവ തീരുമാനിക്കപ്പെട്ടത് ഏത് മാനദണ്ഡ പ്രകാരമായിരുന്നെന്ന് വ്യക്തമാക്കുമോ; | (എ) നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാനത്ത് 12 പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രഖ്യാപനം നടത്തിയതിൻ പ്രകാരം, 12 പുതിയ താലൂക്കുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച താലൂക്കുകളിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകൾ, താലൂക്ക് ആസ്ഥാനം എന്നിവ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിയമസഭാ മണ്ഡലങ്ങൾ പുന:സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങളും കൂടി കണക്കിലെടുത്താണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം എടുത്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | താലൂക്ക് രൂപീകരണം സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; | (ബി യും സിയും | ഉണ്ട്. പരാതികൾ പരിശോധിച്ചു വരുന്നു. |
| (സി) | താലൂക്ക് പുനർ നിർണ്ണയം സംബന്ധിച്ച് നിയോഗിച്ച സമിതികളുടെ ശുപാർശകൾ പരിഗണിക്കുമോ; | | |
| (ഡി) | സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും പുതിയ താലൂക്ക് രൂപീകരണത്തിനുവേണ്ടി ഉയർന്നുവന്ന ആവശ്യം യുക്തിസഹമായി പരിഗണിക്കാൻ തയ്യാറാകുമോ? | (ഡി) | പുതുതായി ഏതെങ്കിലും താലൂക്കുകൾ പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ